## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2495** **14.06.2019 -ൽ മറുപടിയ്ക്ക്**

മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി

ചോദ്യം — ശ്രീ.എ. എൻ. ഷംസീർ :

മറുപടി — ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി 17 ബോട്ട് ജെട്ടി/ടെർമിനൽ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നിർവ്വഹണത്തിന് ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഏതാനും പദ്ധതി പ്രവർത്തികൾ ആരംഭിക്കുകയും മറ്റുള്ളവയുടെ ടെൻഡർ പുരോഗമിച്ചു വരികയുമാണ്.<br><br>കൂടാതെ കണ്ണൂർ ജില്ലയിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഭരണാനുമതി നൽകിയ 8037.38 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ലഭിച്ച വിവിധ പദ്ധതികൾക്ക് ആവശ്യമായ സ്ഥല ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനും, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലം റീലിങ്ക്വിഷ്മെന്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ബോട്ട് ടെർമിനൽ/ജെട്ടികൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായി ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കുള്ള സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിനെ (KEL) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഇതിന്റെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ? | ബി) | മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി തലശ്ശേരി നിയോജക മണ്ഡലത്തിൽ 3 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പ്രവർത്തി പുരോഗതി താഴെ പറയുന്നു.<br>1. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - പൈലിംഗ് പ്രവർത്തി പുരോഗമിച്ചുവരുന്നു.<br>2. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി ആരംഭിച്ച പൈലിംഗ് പ്രവർത്തി പുരോഗമിച്ചുവരുന്നു.<br>3. പാത്തിക്കൽ ബോട്ട് ജെട്ടി - ടെൻഡർ നടപടികൾ പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ